# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3227 11-05-2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ഡോ.ടി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>സംസ്ഥാനത്തെ ബാങ്കുകളിൽ ഉണ്ടായ നോട്ട് ക്ഷാമം</u>**

| | | |
|---|---|---|
| (എ) | ശമ്പള ദിനങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ ബാങ്കുകളിൽ ഉണ്ടായ നോട്ട് ക്ഷാമം മൂലം സംസ്ഥാനത്ത് ബാങ്കുകൾ മുഖേനയും ട്രഷറികൾ മുഖേനയും ശമ്പളവും പെൻഷനും വാങ്ങുന്ന ലക്ഷക്കണക്കിന് ജീവന ക്കാർക്ക് പണം ലഭിക്കുന്നതിനായി വളരെ ബുദ്ധിമുട്ടേണ്ടിവന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഈ പ്രതിസന്ധി എങ്ങനെ മറികടക്കും ; | ഉണ്ട്. ട്രഷറികളിലെ നോട്ട് ക്ഷാമത്തിന് കെ.എസ്.എഫ്. ഇ-യിൽനിന്നും ബിവറേജസ് കോർപ്പറേഷനിൽ നിന്നും ലോട്ടറി ഏജന്റുമാരിൽനിന്നും കളക്ഷൻ തുക സ്വീകരിച്ച് തുടങ്ങിയതിലൂടെ ഒരു പരിധി വരെ പരിഹാരമായിട്ടുണ്ട്. ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ശമ്പളദിനമാണെന്നറിഞ്ഞിട്ടും സംസ്ഥാനം ആവശ്യപ്പെട്ടിട്ടും ആവശ്യത്തിന് പണം ട്രഷറികളിലും ബാങ്കുകളിലും എത്തി ക്കാതിരുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ് ; ഒരു സംസ്ഥാനത്തെ ജനങ്ങളോട് മാത്രം റിസർവ്വ് ബാങ്ക് ക്രൂരത കാട്ടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ട്രഷറികൾക്ക് ആവശ്യമായ ഇംപ്രസ്റ്റ് തുക നൽകേണ്ടത് ബന്ധപ്പെട്ട ഏജൻസി ബാങ്കുകളാണ്. എന്നാൽ കേരളത്തിലെ 51 ട്രഷറികളിൽ ആവശ്യപ്പെടുന്ന തുകയൊന്നും ബാങ്കിൽനിന്ന് ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ട്രഷറികൾ ആവശ്യപ്പെടുന്നത്ര കറൻസി ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾക്ക് പ്രയാസം നേരിട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ബാങ്കുകളിൽ നിന്നും മതിയായ പണം ലഭിക്കാത്തതിനാൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപന ങ്ങളുടെയും പൊതു മേഖലാ സ്ഥാപന ങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെയും ബാങ്ക് അക്കൗണ്ടുകളിലെ പണം അടുത്ത ശമ്പള ദിനത്തിന് മുമ്പായി സംസ്ഥാന ട്രഷറികളിലേയ്ക്ക് മാറ്റാനും അതുവഴി അടുത്തമാസത്തെ ശമ്പള ദിവസങ്ങളിൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം ട്രഷറിയിൽനിന്ന് ലഭ്യമാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ട്രഷറികളിലെ കറൻസി ക്ഷാമം പരിഹരി ക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ട്രഷറികളിലെ കറൻസി ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ